# തിരുവനന്തപുരം ആരോഗ്യവകുപ്പ് ഡയറക്ടറുടെ കാര്യാലയത്തിലെ അഡീഷണൽ ഡയറക്ടറുടെ (കുടുംബക്ഷേമം)നടപടിക്രമം

---

വിഷയം:- ആവഡ- ജീവനക്കാര്യം-പബ്ലിക് ഹെൽത്ത് നേഴ്സ് തസ്തികയിൽ നിന്നും പബ്ലിക് ഹെൽത്ത് നേഴ്സിംഗ് സൂപ്പർവൈസർ തസ്തികയിലേക്ക് സ്ഥാനക്കയറ്റം നടത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു

പരാമർശം ഉത്തരവ് നം.ആ.വ.ഡ/27682/2025/ഇ.എൽ1.തീയതി: 26/11/2025

**ഉത്തരവ് നം: DHS/18672/2025-FWA5 തീയതി:** 24-04-2026

---

പരാമർശ പ്രകാരം പ്രസിദ്ധീകരിച്ച സീനിയോറിറ്റി ലിസ്റ്റിൽ ഉൾപ്പെട്ടിരിക്കുന്ന പബ്ലിക് ഹെൽത്ത് നേഴ്സ് തസ്തികയിലെ ജീവനക്കാർക്ക് Rule28(a) of KS&SSR പ്രകാരം പബ്ലിക് ഹെൽത്ത് നേഴ്സിംഗ് സൂപ്പർവൈസർ തസ്തികയിലേക്ക് 43400-91200 (revised scale) എന്ന ശമ്പള സ്കെയിലിൽ ചുവടെ ചേർത്തിരിക്കുന്ന പട്ടിക പ്രകാരം സ്ഥാനക്കയറ്റം നൽകി ഉത്തരവാകുന്നു. റാങ്ക് നമ്പർ 160,161,162,163,164,166 എന്നിവയിൽ ഉൾപ്പെട്ട ജീവനക്കാർ സേവനത്തിൽ നിന്നും വിരമിച്ചതിനാൽ ടി ജീവനക്കാരെ സ്ഥാനക്കയറ്റത്തിൽ നിന്നും ഒഴിവാക്കിയിരിക്കുന്നു.

| ക്രമ നമ്പർ | റാങ്ക് നമ്പർ | പേര് | ജനനത്തീയതി | നിലവിൽ ജോലി ചെയ്യുന്ന സ്ഥാപനം | ജില്ല | നിയമനം നൽകിയിരിക്കുന്ന ജില്ല |
|---|---|---|---|---|---|---|
| 1 | 165 | ശ്രീമതി. സജില.എം.ടി | 25/05/1970 | താലൂക്ക് ആശുപത്രി,പാമ്പാടി | കോട്ടയം | കോട്ടയം |
| 2 | 167 | ശ്രീമതി. റാണി.സി.എൽ | 13/08/1970 | താലൂക്ക് ആശുപത്രി,കുന്നംകുളം | തൃശൂർ | മലപ്പുറം |
| 3 | 168 | ശ്രീമതി. സുബൈദ.വി | 05/04/1970 | ജനറൽ ആശുപത്രി, മൂവാറ്റുപുഴ | എറണാകുളം | എറണാകുളം |

| | | | | | | |
|---|---|---|---|---|---|---|
| 4 | 169 | ശ്രീമതി .ഷൈലജ. ഇ.ആർ | 31/05/1971 | കുടുംബാരോഗ്യ കേന്ദ്രം, ഇടമുളക്കൽ | കൊല്ലം | ആലപ്പുഴ |
| 5 | 170 | ശ്രീമതി. രതി.എസ് | 14/05/1970 | കുടുംബാരോഗ്യ കേന്ദ്രം, മരുതറോഡ് | പാലക്കാട് | പാലക്കാട് |

മേൽ പരാമർശിച്ചിട്ടുള്ള ഉദ്യോഗസ്ഥർ ജോലിയിൽ പ്രവേശിക്കുന്ന ദിവസം മുതൽ തുടർച്ചയായ രണ്ടു വർഷ കാലയളവിനുള്ളിൽ ഒരു വർഷത്തെ സേവനകാലം നിരീക്ഷണ കാലാവധി ആയിരിക്കുന്നതാണ്. സമയബന്ധിത ഹയർ ഗ്രേഡുകൾ ലഭിച്ചിട്ടുള്ള ജീവനക്കാർ യാതൊരു കാരണവശാലും സ്ഥാനക്കയറ്റം പരിത്യജിക്കാൻ പാടുള്ളതല്ല. മേൽ പ്രകാരം സ്ഥാനക്കയറ്റം അനുവദിച്ചിരിക്കുന്ന ജീവനക്കാരിലാരെങ്കിലും അച്ചടക്ക നടപടികൾ നേരിടുന്നു എങ്കിൽ സ്ഥാനമേധാവികൾ അവരെ വിടുതൽ ചെയ്യാൻ പാടുള്ളതല്ല. കൂടാതെ വിവരം ഈ ഓഫീസിലേക്ക് അടിയന്തിരമായി റിപ്പോർട്ട് ചെയ്യേണ്ടതുമാണ്. വിവര ശേഖരണം നടത്തുന്ന സമയത്തു ജീവനക്കാർ ജോലി ചെയ്തിരുന്ന സ്ഥാപനങ്ങൾ അതിനു ശേഷം മാറിയിട്ടുണ്ടെങ്കിൽ അതാതു ജില്ലാ മെഡിക്കൽ ഓഫീസർമാർ വിടുതൽ ചെയ്യുന്നതിനുള്ള നിർദ്ദേശം ബന്ധപ്പെട്ട സ്ഥാപന മേധാവിക്ക് നൽകേണ്ടതാണ്. എല്ലാ സ്ഥാപന മേധാവികളും പകരക്കാരെ കാത്തു നിൽക്കാതെ സ്ഥാനക്കയറ്റം ലഭിച്ച ജീവനക്കാരെ വിടുതൽ ചെയ്യേണ്ടതും ജില്ലാ മെഡിക്കൽ ഓഫീസർമാർ അതാതു ജില്ലകളിൽ അനുവദിച്ചിട്ടുള്ള ജീവനക്കാർക്ക് നിയമന ഉത്തരവ് അടിയന്തരമായി നൽകേണ്ടതുമാണ്.

ഔദ്യോഗിക വെബ് സൈറ്റിൽ പ്രസിദ്ധീകരിച്ചിരിക്കുന്ന ഈ ഉത്തരവിന്റെ പകർപ്പ് ഡൗൺ ലോഡ് ചെയ്തു ഉപയോഗിക്കാവുന്നതാണ്. വ്യക്തിഗത പകർപ്പ് അയച്ചുതരുന്നതല്ല.

ജീവനക്കാരുടെ വിടുതൽ/ പ്രവേശന വിവരങ്ങൾ യഥാസമയം ഈ ഓഫീസിൽ അറിയിക്കേണ്ടതാണ്.

2026-ലെ പെരുമാറ്റച്ചട്ടവും പൊതുസ്ഥലമാറ്റവും നിലനിൽക്കുന്നതിനാൽ പബ്ലിക് ഹെൽത്ത് നഴ്സിംഗ് സൂപ്പർവൈസർ തസ്തികയിലെ ജീവനക്കാരുടെ സ്ഥലംമാറ്റ അപേക്ഷ പരിഗണിക്കാതെയാണ് ടി സ്ഥാനക്കയറ്റം അനുവദിച്ചിരിക്കുന്നത്. ആയതിനാൽ പബ്ലിക് ഹെൽത്ത് നഴ്സിംഗ് സൂപ്പർവൈസർ തസ്തികയിൽ സ്ഥാനക്കയറ്റത്തിന് യോഗ്യരായ ജീവനക്കാരുടെ അപേക്ഷകൾ പരിഗണിക്കേണ്ട സാഹചര്യത്തിൽ പ്രസ്തുത സ്ഥാനക്കയറ്റ ഉത്തരവ് പുനഃ പരിശോധിക്കുന്നതാണ്.

Digitally signed by
Meenakshy V
Date: 24-04-2026
16:31:57

**Dr MEENAKSHY V**

**ADDITIONAL DIRECTOR OF HEALTH SERVICES**

സ്വീകർത്താവ്:-

സ്ഥാപന മേധാവികൾ

പകർപ്പ്:-

1.ആരോഗ്യ വകുപ്പ് ഡയറക്ടറുടെ ഔദ്യോഗിക വെബ് സൈറ്റ്

2.എല്ലാ ജില്ലാ മെഡിക്കൽ ഓഫീസർമാർക്കും (ആരോഗ്യം)

കൊല്ലം ,ആലപ്പുഴ,കോട്ടയം,എറണാകുളം,തൃശൂർ,പാലക്കാട്,മലപ്പുറം

3.ഫയൽ/ കരുതൽ ഫയൽ